# സെൻറ് അഗസ്റ്റിൻസ് ഹയർ സെക്കൻററി സ്കൂൾ

**അരൂർ, ആലപ്പുഴ – ജില്ല**

**ഫോൺ – 0478 –2873311**

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026





# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ, അരൂർ |
| വിലാസം | : | അരൂർ പി.ഒ, ചേർത്തല, ആലപ്പുഴ |
| ഫോൺ | : | 0478–2873311 |
| സ്കൂൾ കോഡ് | : | 34004 |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| വിദ്യാഭ്യാസ ഉപജില്ല | : | ചേർത്തല |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി.ആർ.സി | : | തുറവൂർ |
| ഗ്രാമപഞ്ചായത്ത് | : | അരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പട്ടണക്കാട് |
| നിയമ സഭാമണ്ഡലം | : | ആലപ്പുഴ |
| ലോക സഭാമണ്ഡലം | : | ആലപ്പുഴ |
| താലൂക്ക് | : | ചേർത്തല |
| വില്ലേജ് | : | അരൂർ |

H.S. വിഭാഗം ഹെഡ്മാസ്റ്റർ ശ്രീ ജോർജ്ജ് മാത്യു

H.S.S. വിഭാഗം പ്രിസിപ്പൽ ശ്രീമതി രശ്മി രവീന്ദ്രനാഥ്

# ഉള്ളടക്കം


| | | |
|---|---|---|
| അദ്ധ്യായം – 1 | | ആമുഖം |
| അദ്ധ്യായം – 2 | | സ്കൂൾ ചരിത്രം |
| അദ്ധ്യായം – 3 | | സ്കൂൾ മികവിന്റെ കാഴ്ചപ്പാട് |
| അദ്ധ്യായം – 4 | | അക്കാദമിക് മാസ്റ്റർ പ്ലാൻ **U.P** |
| അദ്ധ്യായം – 5 | | അക്കാദമിക് മാസ്റ്റർ പ്ലാൻ **H.S** |
| അദ്ധ്യായം – 6 | | പദ്ധതി രൂപീകരണ പ്രക്രിയ |
| അദ്ധ്യായം – 7 | | വിഷയ മേഖല–പ്രവർത്തനങ്ങൾ |
| അദ്ധ്യായം – 8 | | ഉപസംഹാരം |

## അദ്ധ്യായം – 1

## ആമുഖം

തിരുവിതാംകൂറും കൊച്ചിയും മലബാറും കേരളത്തിൻെറ പ്രവിശ്യകളായി രുന്നപ്പോൾ തിരുവിതാംകൂറിൻെറ ഏറ്റവും വടക്കെ അറ്റം 'അരിയ ഊര്' എന്നാണ് അറിയപ്പെട്ടിരുന്നത്. അന്നത്തെ അരിയ ഊരാണ് ഇന്നത്തെ അരൂർ. പ്രകൃതി രമണീയവും പ്രശാന്ത സുന്ദരവുമായ അരൂർ കായലാൽ ചുറ്റപ്പെട്ട പ്രദേശമാണ്. വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങളില്ലായിരുന്ന അരൂർ മേഖലയിൽ അന്നത്തെ പള്ളി വികാരിയായിരുന്ന റവ:ഫാദർ റാഫേൽ ഫെർണാണ്ടസ് ഇടക്കാട്ട് 1908 ഡിസംബർ 3–ാം തിയതി സെൻറ് അഗസ്റ്റിൻസ് ലോവർ പ്രൈമറി സ്കൂളിൻെറ പ്രവർത്തനം ആരംഭിച്ചു. മുഴുവൻ കുട്ടികൾക്കും അറിവിൻെറ ഉയർന്ന തലങ്ങളിലേയ്ക്ക് എത്താൻ സഹായകമായ പഠനാവസരമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ കാതൽ . സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതികളും ഭൗതീക വികസനത്തിനുള്ള മാസ്റ്റർ പ്ലാനും തയ്യാറാക്കുമ്പോൾ അക്കാദമിക മികവിനായിരിക്കണം ഊന്നൽ നല്കേണ്ടത്.

പൊതു വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കി അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ നാം ഒറ്റകെട്ടായി പ്രവർത്തിക്കണം. ജനകീയമായ പ്രവർത്തനത്തിലൂടെ മാത്രമെ അത് സാധ്യമാകൂ. വിദ്യാലയങ്ങളാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ അടിസ്ഥാന നിർവഹണ ഘടകം.

വിദ്യാലയത്തെ ഭൗതീകമായും അക്കാദമികമായും ഉന്നതിയിൽ എത്തിക്കുക എന്നതാണ് നമ്മുടെ പ്രാഥമിക ലക്ഷ്യം. നാട്ടിലെ വിദ്യാലയത്തെ മികവിൻെറ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തിൽ ചേർന്ന് പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരേയും ഇതിൽ കണ്ണികളാക്കണം.

വിദ്യാലയത്തേയും വിദ്യാർത്ഥികളേയും അധ്യാപകരേയും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തേണ്ടത്. പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന് സഹായകമായ അന്തരീക്ഷം സൃഷ്ടിക്കണം. യജ്ഞം വിജയിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടത് അധ്യാപകരാണ്. ക്ലാസ്സ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാക്കാൻ ഒരോ അധ്യാപകനും പരിശ്രമിക്കണം. വിദ്ധ്യാർത്ഥിയുടെ സർഗാത്മക വികാസം ലക്ഷ്യമിട്ടായിരിക്കണം ഓരോ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടത്.

<u>ലക്ഷ്യങ്ങൾ</u>

1. വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടേയും പൊതുവിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കി തീർക്കുക.
2. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
3. കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം.
4. അന്താരഷ്ട്രപഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക
5. പാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതീക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക
6. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## അദ്ധ്യായം -2

## സ്കൂൾ ചരിത്രം താളുകളിലൂടെ

വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങളില്ലായിരുന്ന അരൂർ മേഖലയിൽ അന്നത്തെ പള്ളി വികാരിയായിരുന്ന റവ:ഫാദർ റാഫേൽ ഫെർണാണ്ടസ് ഇടക്കാട്ട് 1908 ഡിസംബർ 3-ാം തിയതി സെൻറ് അഗസ്റ്റിൻസ് ലോവർ പ്രൈമറി സ്കൂളിൻെറ പ്രവർത്തനം ആരംഭിച്ചു. അന്നു ഈ സ്ഥാപനത്തിൻെറ മാനേജരും അദ്ദേഹം തന്നെയായിരുന്നു. തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടറുടെ അനുവാദ കല്പന പ്രകാരം 1923 മെയ് മാസം 22-ാം തിയതി സെൻറ് അഗസ്റ്റിൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. അന്നത്തെ പള്ളി വികാരി റവ:ഫാ:ജോർജ്ജ് മെനേസസ് ആയിരുന്നു ഇതിൻെറ സ്ഥാപകനും മാനേജരും. 1952 ജൂൺ 2-ാം തിയതി ഇതൊരു ഹൈസ്കൂൾ ആയി ഉയർന്നു. കൊച്ചി രൂപതയുടെ പ്രഥമ തദ്ദേശിയമെത്രാനായിരുന്ന ഡോ. അലക്സാണ്ടർ എടേഴത്ത് അരൂർ പള്ളി വികാരിയായി ഇരിക്കുമ്പോൾ ആണ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1980 മുതൽ കൊച്ചി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലായി വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. അതിൻെറ നേതൃത്വപദം അലങ്കരിച്ചത് ബഹുമാനപ്പെട്ട റവ:ഫാദർ ഫെർണാണ്ടസ് ആണ്. രണ്ടായിരാമാണ്ടിൽ റവ.ഫാ:ജോസി കണ്ടനാട്ടുത്തറ മാനേജർ ആയിരുന്ന കാലത്ത് ഈ വിദ്യാലയം ഹയർസെക്കൻററിയായി ഉയർന്നു.

അപ്പർപ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിൽ 5 മുതൽ 10 വരെ സ്റ്റാൻഡേർഡു കളിൽ 35 ഡിവിഷനുകളിലുമായി 1240നടുത്ത് കുട്ടികൾ പഠിക്കുന്നു. 56 അദ്ധ്യാപകരും 5 അനദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു.

ഹയർ സെക്കൻഡറി വിഭാഗത്തിൽ ഹ്യുമാനിറ്റീസ്, സയൻസ്-ബായോ, സയൻസ്-കമ്പ്യൂട്ടർ, കൊമേഴ്സ് എന്നീ നാലുഗ്രൂപ്പുകളിലായി 460 കുട്ടികൾ പഠിക്കുന്നു. 22 അദ്ധ്യാപകരും 2 അനദ്ധ്യാപകരും ഈ സ്ഥാപനത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ജോലി ചെയ്തുവരുന്നു.

ഇപ്പോഴത്തെ ജനറൽ മാനേജർ റവ.ഫാ: ആൻറണി അഞ്ചുതൈക്കലിൻേറയും ലോക്കൽ മാനേജർ റവ.ഫാ:റാഫി പര്യാത്തുശേരിയുടെയും നേതൃത്വത്തിൽ ലോവർ പ്രൈമറി വിഭാഗം ശ്രീമതി ജനറ്റ് ടീച്ചറിൻേറയും അപ്പർപ്രൈമറി, ഹൈസ്കൂൾ വിഭാഗം ശ്രീ. ജോർജ്ജ് മാത്യു സാറിൻേറയും ഹയർ സെക്കൻഡറി വിഭാഗം ശ്രീമതി രശ്മി രവീന്ദ്രനാഥ് ടീച്ചറിൻേറയും സാരഥ്യത്തിൽ വരും തലമുറയ്ക്ക് അക്ഷരപ്രഭ ചൊരിഞ്ഞ് ഈ സരസ്വതി ക്ഷേത്രം ചരിത്രത്തിന് പുതിയ അധ്യായങ്ങൾ രചിച്ചുകൊണ്ട് മുന്നേറുന്നു.

## അദ്ധ്യായം -3

## സ്കൂൾ മികവിൻെറ കാഴ്ച്ചപ്പാട്

1. കുട്ടികളെ ആകർഷിക്കുന്നതിന് ഭൗതീകവും അക്കാദമികവുമായ എല്ലാ സൗകര്യങ്ങളും ഒരുക്കണമെന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ശതാബ്ദി കഴിഞ്ഞ് നില്ക്കുന്ന വിദ്യാലയത്തിൻെറ പഴമയും പെരുമയും പൗരാണികത നിലനിർത്തി കൊണ്ട് തന്നെ അതിൻെറ നവീനപരമായ സൗകര്യങ്ങൾ വേണമെന്നുള്ളത് ഞങ്ങളുടെ ഒരു സ്വപ്നമാണ്.
2. പാഠ്യപാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ തല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
3. നിലവിൽ ക്ലാസ്സ് മുറികൾ നല്ല സൗകര്യങ്ങളോട് കൂടിയതാണെങ്കിലും ശിശുസൗഹാർദ്ദവും സങ്കേതികവിദ്യയിൽ മികച്ചതുമായ ക്ലാസ്സ് മുറികളാക്കുക എന്നത് ഞങ്ങളുടെ മറ്റൊരു ലക്ഷ്യമാണ്.
4. ആരോഗ്യം സംരക്ഷിക്കുന്ന രീതിയിൽ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മൈതാനമുണ്ട്
5. ക്ലാസ്സ്റൂമിലെ കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തി എല്ലാകുട്ടികൾക്കും കൂടുതൽ ശ്രദ്ധ നല്കുന്ന വിധത്തിൽ അധ്യാപക വിദ്ധ്യാർത്ഥി അനുപാതം ശ്രദ്ധിക്കണം
6. മനോഹരമായപരിസരവും ജൈവവൈവിധ്യപാർക്കുംഞങ്ങളുടെകാഴ്ചപ്പാടാണ്.
7. രുചികരവും, പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണം നൽകിപ്പോരുന്നു
8. കുട്ടികളെ സുരക്ഷിതരായി വിദ്യാലയത്തിലേയ്ക്കും തിരിച്ചു വീട്ടിൽ കൊണ്ടുപോകുന്നതിന് പറ്റിയ വാഹനം ഞങ്ങൾക്കുണ്ട്.

9. ആരോഗ്യ കായിക മാനസികപരമായ കാര്യങ്ങ സംരക്ഷിക്കുന്നതിനാവശ്യമായ നേഴ്സ്, കൗൺസിലേഴ്സ്, മ്യൂസിക്ക്, സ്പോർട്സ്, വർക്ക് എക്സ്പീരിയൻസ് വ്യക്തികളെ വിവിധ മേഖലകളിൽ നിന്നും പ്രയോജനപ്പെടുത്തുന്നു.

10. സ്മാർട്ട് ക്ലാസ്സ്റൂം ഡിജിറ്റലും അല്ലാത്തതുമായ ക്ലാസ്സ് ലൈബ്രറികൾ, മാതൃവായന ലൈബ്രറി വിവിധതരത്തിലുള്ള ബോധവൽക്കരണ സെമിനാറുകൾ ഭിന്നശേഷിക്കാർക്ക് വേണ്ടിസ്ഥിരം അധ്യാപകർ എന്നിവയും ഞങ്ങളുടെ കാഴ്ചപ്പാടാണ്.

ഗുണമേന്മാ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ ഫലപ്രദമായ നേതൃത്വത്തിനും മാനേജ്മെൻറിനും പ്രബലമായ പങ്കുണ്ട്. ഭരണപരമായ ഉത്തരവാദിത്ത നിർവഹണത്തിനപ്പുറം വിദ്യാലയത്തെ കാലാനുസൃതമായി പരിവർത്തനം ചെയ്യണം. ഇതിന് സൂക്ഷ്മമായ ആസൂത്രണം ആവശ്യമാണ്. ഗുണമേന്മ ലക്ഷ്യമാക്കി വിദ്യാലയ കാഴ്ചപ്പാട് രൂപീകരിക്കണം. പഠിതാക്കളുടെ മികച്ച നേട്ടത്തിനായി ഗുണഭോക്കളായ എല്ലാ ഏജൻസികളും സഹകരിക്കണം. ഇവർക്ക് ആസൂത്രണം, തീരുമാനമെടുക്കൽ, ഭരണപരമായ കാര്യങ്ങൾ നടപ്പാക്കൽ, എന്നിവയിൽ അനുയോജ്യമായ പ്രാതിനിധ്യം നല്കണം.

വിദ്യാലയത്തിൻെറ സർവതലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ സമൂഹത്തെ പങ്കളിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സർവമേഖലകളിലും ഗുണമേന്മനേടുവാൻ അധ്യാപകരേയും പഠിതാക്കളേയും സമൂഹത്തോടും ദിശാബോധം നല്കി നയിക്കണം. ശരിയായ രീതിയിൽ വിഭവങ്ങൾ വിനിയോഗിക്കണം. ഇതിന് നിസ്വാർത്ഥതയും ലക്ഷ്യബോധവുമുള്ള കരുത്തുറ്റ നേതൃത്വം വിദ്യാലയത്തിന് ആവശ്യമാണ്.

# ഈ വിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ സ്ഥാനം അലങ്കരിച്ച വിശിഷ്ട അധ്യാപകർ

1. ഇ.ടി. അബ്രഹാം
2. കെ.ജെ. മാനുവൽ
3. പി.ജെ. പോൾ
4. വി.എൽ. റാൽഫി
5. വി.ആർ. രാജൻ ബാബു
6. എം.എ. വർഗ്ഗീസ്
7. മാർഗ്രെറ്റ്.ജെ
8. എ.ജെ. അലക്സി
9. പി.എക്സ്. ആൻറണി
10. എം.എക്സ്. അഗസ്റ്റിൻ
11. എം.എ. ഫിൽസി
12. ജോൺ ജൂഡ് എ.വി.
13. എത്സബത്ത് എ.എക്സ്
14. ശ്രീമതി ആനി
15. ശ്രീമതി മേഴ്സി ജോസഫ്
16. ശ്രീ. ജോർജ്ജ് മാത്യു

## അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി. വിഭാഗം

**വിഭാഗം യു.പി**

**വിഷയം – മലയാളം ഉപവിഭാഗം – ഭാഷാ പരിപോഷണം.**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ചിലവ് |
|---|---|---|---|---|
| 5–ാം ക്ലാസ്സ് മുതൽ 7–ാം ക്ലാസ് വരെയുള്ള കുട്ടികളിൽ മാതൃഭാഷ നന്നായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷി ഉറപ്പാക്കുക | ജൂൺ മാസത്തിൽ തന്നെ എഴുതുവാനും വായിക്കുവാനും കഴിവില്ലാത്ത കുട്ടികളെ കണ്ടെത്തി ഭാഷാധ്യാപകരുടെ സഹായത്തോടെ പരിശീലീലനം നൽകുക. | ജൂൺ – ആഗസ്റ്റ് | ഭാഷാധ്യാപകർ | ഇല്ല |
| 2025 ഡിസംബർ മാസത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കൽ യജ്ഞം | ക്ലാസ്സ് മുറികളിൽ ബാലസാഹിത്യ കൃതികൾ മറ്റ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ പരിചയപ്പെടുത്തി വായനാശീലം പരിപോഷിപ്പിക്കുക | എല്ലാ ദിവസവും അവധി സമയങ്ങളിൽ | ക്ലാസ്സ് ടീച്ചർ | 15,000/– (പി.ടി.എ) |
| | പത്ര വായന, പുസ്തക ചർച്ച, വായനാനുഭവം പങ്കുവയ്ക്കൽ എന്നീ പ്രവർത്തന ങ്ങൾ മെച്ചപ്പെടു ത്തുക | മാസത്തിലൊരിക്കൽ ലൈബ്രറി ഹാൽ | ഭാഷാധ്യാപകൻ | 50,000/– (സ്പോൺസർഷിപ്പ്) |
| വിദ്യാർത്ഥികളിൽ, സാഹിത്യ അഭിരുചി വളർത്തൽ | എല്ലാ മാസ അവസാന ബുധനാഴ്ചയും അവസാന പിരിയഡ് കവിയരങ്ങ്, കഥയരങ്ങ്, മിമിക്രി, നാടകങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | എല്ലാ മാസവും. | ഭാഷാധ്യാപകൻ കുട്ടികളൂടെ എഡിറ്റോറിയൽ | ഇല്ല |
| | ക്ലാസ്സുകളികൽ ഒറ്റപേജ് മാസികകൾ തയ്യാറാക്കുന്നു. | രണ്ട് മാസത്തിൽ ഒരിക്കൽ | കുട്ടികളുടെ എഡിറ്റോറിയൽ ബോർഡ്, മലയാളം അധ്യാപിക | ഇല്ല |

## വിഭാഗം യു.പി

വിഷയം – ഇംഗ്ലീഷ് ഉപവിഭാഗം – ഇംഗ്ലീഷ് ഭാഷാ. പഠനം

പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ചിലവ് |
|---|---|---|---|---|
| 5–ാം ക്ലാസ്സിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാനം ഉറപ്പാക്കുക. | ജൂൺ മാസത്തിൽ തന്നെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക (ഐസിറ്റി സഹായം) | ജൂൺ – ആഗസ്റ്റ് 20–മണിക്കൂർ | ഇംഗ്ലീഷ് അധ്യാപകർ | ഇല്ല |
| കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കുക | ലളിതമായ സാഹിത്യകൃതികൾ കുട്ടികൾക്ക് വായിക്കുവാൻ കൊടുക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകൻ | ഇല്ല |
| ഇംഗ്ലീഷ് ഭാഷ് സംസാരിക്കുവാനുള്ള ആത്മവിശ്വാസം വളർത്തൽ | ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ ബാല സാഹിത്യകൃതികളുടെ നാടകാവിഷ്കാരം | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ് | ഇല്ല |
| ഇംഗ്ലീഷ് ഭാഷാപഠനം എളുപ്പമാക്കൽ | മലയാളത്തിൽ തയ്യാറാക്കിയ കഥകൾ, പ്രസംഗങ്ങൾ എന്നിവ കുട്ടികൾ അവതിരിപ്പിക്കുമ്പോൾ ദ്വിഭാഷാമുഖേന പരിവർത്തനം ചെയ്യൽ | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ് | ഇല്ല |
| പദ പരിചയം | എല്ലാ ദിവസവും ഓരോ പുതിയ പദങ്ങൾ കണ്ടെത്തി പ്രവർത്തന പുസ്തകത്തിൽ എഴുതിച്ചേർക്കുക | എല്ലാ ദിവസവും. | ഇംഗ്ലീഷ് അധ്യാപകൻ | ഇല്ല |

ഉപ മേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫല പ്രദമായിവായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പി ക്കൽ | 1.പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.) | 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ SRG | 500/- PTA |
| | 2. പരിമിതികൾ പരിഹരി ക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്ക ൽ | 5 ദിവസം | എച്ച്.എം ഇംഗ്ലീഷ് ടീച്ചർ SRG | ഒരു കുട്ടിക്ക് 25/- രൂപ |
| | 3. ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 4. ഇംഗ്ലീഷിലുള്ള ഡയറിക്കുറുപ്പ് | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 5. ഒരു ദിവസം ഒരു ഭാഷാ പരിപാടി (എല്ലാ ക്ലാസ്സിലും) | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | |

## വിഭാഗം യു.പി

**വിഷയം – ഹിന്ദി** **ഉപവിഭാഗം – ഹിന്ദി ഭാഷാ. പഠനം**

**പ്രവർത്തനം 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ചിലവ് | |
|---|---|---|---|---|---|
| എഴുത്തും വായനയും പരിപോഷിപ്പിക്കൽ | ആഴ്ചയിൽ 10 പദങ്ങൾ പരിചയപ്പെടുത്തുന്നു. കൂടാതെ ചെറുസംഭാഷണ ങ്ങളുടെ റോൾ പ്ലെ നടത്തുക | ഒരു വർഷം | ഹിന്ദി അധ്യാപകൻ | ഇല്ല | |
| ഹിന്ദി ഭാഷാ പഠനത്തിലൂടെ സംസ്കാരവും ദേശസ്നേഹവും വളർത്തുക | ഐ.സി.റ്റിയുടെ സഹായത്തോടെ ഹിന്ദി ഗാനങ്ങൾ, ഹിന്ദി വാർത്തകൾ എന്നിവ കുട്ടികളെ കേൾപ്പിക്കുക. | ഒരു വർഷം | ഹിന്ദി അധ്യാപകൻ | ഇല്ല | |
| ഹിന്ദി പഠനം ആസ്വാദകരമാക്കാൻ | ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ ബാലസാഹിത്യ കൃതി കളുടെ നാടകാവിഷ്കാരം | ആഴ്ച യിൽ ഒരിക്ക ൽ | ഇംഗ്ലീഷ് ക്ലബ് | ഇല്ല | |

## ഉപമേഖല-ഹിന്ദി (ശ്രേഷ്ഠ ഭാഷ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ (Pre-Test) | 1 മാസം | ഹിന്ദി ടീച്ചർ SRG | 500/_ PTA |
| | 2. പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | 5 ദിവസം | ഹിന്ദി ടീച്ചർ SRGഎച്ച്.എം. | 25/- രൂപ വീതം ഒരുകുട്ടിക്ക് |
| | 3. ഹിന്ദി അസംബ്ലി | 1 ദിവസം | ക്ലാസ്സ് ടീച്ചർ SRG | |
| | 3. ഹിന്ദി ഡയറിക്കുറിപ്പ് | 2 ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 4. ഒരുദിവസം ഒരു ഭാഷാ പരിപാടി | പ്രതിദിനം | ക്ലാസ്സ് ടീച്ചർ | |

# ST.AUGUSTINE'S AROOR H.S. SCHOOL

## ACADEMIC MASTER PLAN

## SECT: UP, SUBJECT : HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ്സ് രാഷ്ട്ര ഭാഷ ഹിന്ദിയിലേക്ക് അഭിരുചി ഉണ്ടാക്കുക<br><br>അഞ്ചാം തരത്തിൽ കുട്ടികൾക്ക് അക്ഷരബോധം ഉണ്ടാക്കുവാൻ | ഹിന്ദി അക്ഷരങ്ങൾ മനസിലാക്കുക. അതിന് അക്ഷര മരം, അക്ഷര കാർഡ്, വാക്കുക ളുടെ നിർമാണം, ചിഹ്നം ഉറപ്പി ക്കൽ, അക്ഷരങ്ങളുടെയും ചിഹ്നങ്ങളുടേയും ചാർട്ട്, ICT ഉപയോഗിച്ച് അക്ഷരം ഉറപ്പിക്കൽ (പരിസ്ഥിതിദിന പോസ്റ്റർ ) പിന്നോക്കവസ്ഥയുള്ള കുട്ടികൾക്ക് ICT ഉപയോഗിച്ച് അക്ഷരം ഉറപ്പിക്കൽ, അക്ഷര മരം( ചാർട്ട്) എന്നീ പ്രവർത്തനങ്ങൾ നല്കാം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപി ക | |
| ഹിന്ദി വായന : 6,7 എന്നി ക്ലാസിലെ കുട്ടികൾക്ക് ഹിന്ദി വായിക്കുവാൻ പരിശ്രമം ചെയ്യുക | ചിത്രങ്ങൾ ഉപയോഗപ്പെടുത്തുക ചിത്രസഹായത്താൽ ഉചിതമായ പദങ്ങൾ (വായനക്കായി : ഹിന്ദി ന്യൂസ് പേപ്പർ തലകെട്ടുകൾ വായിക്കുവാൻ നല്കുന്നു) കണ്ടെത്തുവാൻ സഹായിക്കുന്നു. അതോടൊപ്പം ചിഹ്നങ്ങൾ ഉചിതമായവ കണ്ടുപിടിച്ച് പദങ്ങൾ പൂർത്തിയാക്കുവാൻ കൊടുക്കുക. ഹിന്ദി കവിത ഈണത്തിലും താളത്തിലും ആലപിക്കുവാൻ പ്രോത്സാഹിപ്പിക്കുകാതിൽ നിന്നുമുള്ള പുതിയ പദങ്ങൾ പരിചയപ്പെടുത്തി കൊടുക്കുക (Action song ) ലൂടെ കവിതകൾ മനസിലാക്കുവാൻ സഹായിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപി ക | |
| ഹിന്ദി ഭാഷ പഠനം എളുപ്പ മാക്കൽ ( വിവിധ പ്രവർ ത്തനങ്ങളിലൂടെ പാഠ ഭാഗങ്ങളുടെ ആശയം മനസിലാക്കുവാൻ സഹായിക്കുക | Puzzile box, poster നിർമ്മാണം, Letter writing, Birth card ഹിന്ദി ഭാഷയിൽ എഴുതി തയ്യാറാക്കുക. തുടങ്ങിയ പ്രവർത്തനങ്ങൾ നല്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപി ക | |
| ഹിന്ദി സംസാരം നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദി ഭാഷയിൽ സംസാരിക്കുവാൻ | അധ്യാപിക തെറ്റിച്ച് വായി ക്കുകയും കുട്ടികൾ ശ്രദ്ധയോടെ ശരിയായി വായിക്കുവാൻ പ്രോത്സാഹിപ്പിക്കുക | | | |

## മേഖല ഭാഷാപഠനം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
- ഓരോ യൂണീറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

## പ്രവർത്തനങ്ങൾ

1. എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ്
2. ഹഫ്തെ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്
3. ഹിന്ദി ക്ലാസ്സ് ലൈബ്രറി
4. ഹിന്ദി അസ്സംബ്ലി
5. ഹിന്ദി നോട്ടു പുസ്തകം സമഗ്രവും ആകർഷകവുമക്കുക
6. ഐ. സി. ടി. ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുക
7. ദിനാചരണങ്ങൾ ഹിന്ദിയിൽ
8. ഹിന്ദി ബാലസഭ.

## വിഭാഗം യു.പി

**വിഷയം – അടിസ്ഥാനശാസ്ത്രം**

**പ്രവർത്തനം 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കുക. | വർഷാരംഭത്തിൽ തന്നെ സയൻസ് ക്ലബുകൾ രൂപീകരിച്ച് ക്ലബ്ബുകളുടെ നേതൃത്വത്തിൽ പ്രകൃതി പഠന യാത്ര, പ്ലാനറ്റോറിയങ്ങൾ ഫാക്ടറികൾ തുടങ്ങിയവ സന്ദർശിക്കുന്നു. | വർഷാദ്യം | സയൻസ്ടീച്ചർ സയൻസ് ക്ലബ്ബ് | പി.ടി.എ & വിദ്യാർത്ഥികൾ |
| കുട്ടിശാസ്ത്രജ്ഞന്മാരെ കണ്ടെത്തൽ | ലഘു പ്രോജക്ടുകൾ നൽകി ഇൻറർനെറ്റ്, യുറ്റ്യൂബ് തുടങ്ങിയവയുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ ആവശ്യപ്പെടും. | 2 മാസത്തിലൊരിക്കൽ | സയൻസ്ടീച്ചർ | ഇല്ല |
| കുട്ടികളിൽ ശാസ്ത്രാന്തരീക്ഷം ഉറപ്പു വരുത്തൽ പ്രായോഗിക ജ്ഞാനവും. | തൊഴിൽ പ്രവൃത്തി പരിചയമേള, സയൻസ് ക്ലബ് എന്നിവ സ്കൂൾ തലത്തിൽ സംഘടിപ്പിക്കൽ | 2 മാസത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് | ഇല്ല |
| പ്രതിഭകൾക്ക് വിദഗ്ദ പരിശീലനം | ശാസ്ത്രജ്ഞമാർ മറ്റ് പ്രതിഭകൾ തുടങ്ങിയവരുടെ ക്ലാസ്സുകൾ ജീവചരിത്രം, നേട്ടങ്ങൾഎന്നിവ ശേഖരിച്ച് ചർച്ച ചെയ്യുക | മാസത്തിലൊരിക്കൽ സയൻസ് പിരിയഡ് | സയൻസ്ടീച്ചർ | ഇല്ല |

## വിഭാഗം യു.പി

**വിഷയം – ഗണിത ശാസ്ത്രം**

**പ്രവർത്തനം 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിത ശാസ്ത്രത്തിലെ അടിസ്ഥാന തത്വങ്ങൾ ഗുണനം, ഹരണം, വ്യവകലനം, തുടങ്ങിയവ സ്വായത്തമാക്കുന്നു. | കണക്കിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ജൂൺ മാസത്തിൽ തന്നെ കണ്ടെത്തി പ്രത്യേക പരിശീലന പരിപാടികൾ | 3 മാസം ജൂൺ – ആഗസ്റ്റ് | ഗണിത അധ്യാപകൻ | ഇല്ല |
| കണക്കിൽ താൽ പര്യം ജിജ്ഞാസയും വളർത്തൽ | കണക്ക് പഠിപ്പിക്കുവാൻ പസ്സിൽസ്, നമ്പർ ഗെയിം, മൾട്ടിപ്പിൾ ടേബിൾ എന്നിവയുടെ സാധ്യതകൾ ഉപയോഗിക്കുന്നു. | നിരന്തരം | ഗണിത അധ്യാപകൻ | ഇല്ല |
| കുട്ടികളിൽ കണക്കിലെ പ്രയോഗിക ജ്ഞാനം വളർത്തൽ | ഗണിത ക്ലബ്ബ് തയ്യാറാക്കൽ | സെപ്തംബർ – ഒക്ടോബർ | ഗണിത അധ്യാപകൻ | 1000/- |
| അടിസ്ഥാന ഗണിതത്തിൽ 100% സാക്ഷരത | സവിശേഷ പരിശീലന പരിപാടികൾ, ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ | സെപ്തംബർ – ഡിസംബർ | ഗണിത അധ്യാപകൻ, ഗണിത ക്ലബ്ബ് | 1000/- |

## ഉപമേഖല – ഗണിത പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കു സംഖ്യാ അവബോധം നേടികൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനുള്ള കഴിവ് ഉപയോഗപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ | 1. പഠന നില കണ്ടെത്തൽ (പ്രി-ടെസ്റ്റ് നടത്തി പഠനത്തിൽ മുന്നോക്കം നിൽക്കുന്നവർക്കും പിന്നോക്കം നിൽക്കുന്നവർക്കും പ്രത്യേകം പരിശീലനം. | 1മാസം | കണക്ക് ടീച്ചർ SRG എച്ച് എം | |
| പരിഹരിക്കുവാനുള്ള കഴിവ് വികസിപ്പിക്കൽ | 2. പരിമിതികൾ പരിഹരിക്കാൻ തുടർപ്രവർത്തനങ്ങൾ | 2മാസം | കണക്ക് ടീച്ചർ SRG | |
| | 3. വരയ്കാനുള്ള കഴിവ് കണ്ടെത്തി ഗണിതത്തിലെ ജ്യാമിതീയ നിർമ്മിതികൾ കൂടുതൽ ചെയ്യിക്കുന്നു. | പ്രതിദിനം | കണക്ക് ടീച്ചർ | |
| | 4. ഗണിത ക്ലാസ് | ആഴ്ചയിൽ | കണക്ക് ടീച്ചർ എച്ച് എം | |

## വിഭാഗം യു.പി

**വിഷയം – സാമൂഹികം**

**പ്രവർത്തനം 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സ്കൂളിന് ചുറ്റുപാടുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുക | വിദ്യാലയ പരിസരം വിവിധ മേഖലകളായി തിരിച്ച് അധ്യാപകർ പിടിഎ അംഗങ്ങൾ ജന പ്രതിനിധി കൾ എന്നിവരെ ഉൾപ്പെടു ത്തിയുള്ള പ്രവർത്തനം. | വർഷത്തിൽ ഒരിക്കൽ | പിടിഎ അധ്യാപകർ ജനപ്രതിനിധി കൾ | ഇല്ല |
| സ്കൂൾ മികവുകൾ പങ്കുവയ്ക്കുക | വിദ്യാലയത്തിലെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ നേട്ടങ്ങൾ എന്നിവ അച്ചടച്ച് വിദ്യാഭ്യാസ കലണ്ടർ ഉണ്ടാക്കി പ്രദേശവാസി കൾക്ക് നൽകുക. | വർഷത്തിൽ ഒരിക്കൽ | | 1000/- |
| അവധി അടിസ്ഥാന വിദ്യാഭ്യാസം നല്കൽ | ചുറ്റുപാടുള്ള എൽപിസ്കൂളിലെ കുട്ടികളെ സംഘടിപ്പിച്ചു കൊണ്ട് സർഗ്ഗോൽസവം എന്ന പേരിൽ വെക്കേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. | മെയ് മാസം ദിവസം | പിടിഎ യുപി സെക്ഷൻ | 1000/- |
| രക്ഷിതാക്കളുടെ പ്രാദേശിക പങ്കാളിത്വം ഉറപ്പുവരുത്തുക | കോർണർ പി.ടി എ സംഘടിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ മാരുടെ നേതൃത്വം | 1000/- |

**ST AUGUSTINE'S HSS, AROOR**

**ACADEMIC MASTER PLAN**

**2025-2026**

**SOCIAL SCIENCE**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ പഠനത്തിൽ ഉയർന്ന നിലവാരം കൈവരിക്കുവാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ക്വിസ്, സംവാദം, ദിനാചരണങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ സന്ദർശിക്കുക | വർഷത്തിൽ ഒരിക്കൽ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപികരിക്കുക | ചർച്ച, സെമിനാർ, പ്രഭാഷണം, സംവാദം | | അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ | |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളീലൂടെ വളരുവാൻ സഹായിക്കുക.സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | പ്രച്ഛന്നവേഷ മത്സരം സംവാദം ക്വിസ് പ്രോജക്ട് അഭിമുഖം | | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂപടവായന കുട്ടികളിൽ വളർത്തുക സ്ഥലനിർണയം കൃത്യമായി രേഖപ്പെടുത്തുക | ഗ്ലോബ്, ഭൂപടം എന്നിവ ഉപയോഗിച്ച് സ്ഥലനിർണയം നടത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ അറ്റ്ലസ് നിർമ്മാണം | | അധ്യാപകർ | |
| സാമൂഹ്യ ശാസ്ത്രപരമായ അറിവ് അപ്ഡേറ്റ് ചെയ്യുക | ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക പ്രധാന വർത്തകൾ പ്രദർശിപ്പിക്കുക | വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക | സ്കൂൾ പാർളിമെൻറ് ഇലക്ഷൻ നടത്തുക | | അധ്യാപകർ | |
| പൗരബോധം, മൂല്യബോധം എന്നിവ വളർത്തിയെടുക്കുക | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഗതാഗത നിയമങ്ങളെ കുറിച്ച് അവബോധം പരിസര ശുദ്ധീകരണം | | | |
| പഠനവൈകല്യം നേരിടുന്ന കുട്ടികൾക് പ്രത്യേക പഠന പിന്തുണ പ്രവർത്തനങ്ങൾ തയ്യാറാക്കി പഠന ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ പ്രപ്തരാക്കുക | വർക്ക് ഷീറ്റ് പദസൂര്യൻ ഭൂപടം ഫ്ലോചാർട്ട് | വർഷം മുഴുവൻ | അധ്യാപകർ | |

# ACADEMIC MASTER PLAN, SECTION : HS

# SUBJECT : MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ, ഭാഷ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 1 മാസം<br><br>1 വർഷം | പുസ്തകങ്ങൾ ചിത്രങ്ങൾ കമ്പ്യൂട്ടർ | മലയാളം അധ്യാപകർ |
| 2.എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | • ശ്രവ്യ വായനയ്ക്ക് അവസരം നല്കുന്നു<br>• ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ലൈബ്രറി പുസ്തക വിതരണം<br>• പത്രവായന<br>• ജന്മദിന പുസ്തകം – ക്ലാസ്സ്<br>• ലൈബ്രറി രൂപീകരണം | 1 വർഷം | ലൈബ്രറി പുസ്തകം | വിദ്യാരംഗം ചുമതലയുള്ള അധ്യാപകർ, രക്ഷിതാക്കൾ |
| 3. പത്രവായന പരിപോഷിക്കൽ | • പത്രവായന<br>• പരമാവധി പത്രങ്ങൾ സ്പോൺസർ ഷിപ്പിലൂടെ ലഭ്യമാക്കൽ, ഓരോ ക്ലാസിന് ഓരോ പത്രം<br>• രാവിലെ പ്രധാന വാർത്തകളുടെ അവതരണം<br>• പത്ര ക്വിസ് | 1 വർഷം ദിവസേന ആഴ്ച്ചയിൽ ഒരു ദിവസം | പത്രങ്ങൾ | ക്ലാസ് ടീച്ചർ |
| 4. സർഗ്ഗശേഷി വികസനം | • വായനാനുഭവം പങ്കുവയ്ക്കൽ<br>• സാഹിത്യ ക്വിസ്<br>• കവിതാലാപന മത്സരം<br>• പുസ്തകാസ്വാദനം | വർഷത്തിൽ 3 തവണ | ലൈബ്രറി പുസ്തകങ്ങൾ വിദ്യാരംഗം സാഹിത്യവേദി സമാജ സദസ്സ് | മലയാളം അധ്യാപകർ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | • പസംഗ പരീശീലന കളരി<br>• വിവിധ വിഷയങ്ങൾ നല്കി പ്രസംഗം തയ്യാറാക്കുക<br>• ഓഡിയോ കേൾപ്പിക്കുന്നു<br>• അവതരണ വേദി സജ്ജമാക്കുക | 6 മാസം | ഓഡിയോ വീഡിയോ | മലയാളം അധ്യാപകർ |

# ST.AUGUSTINE'S H S S AROOR
# ACADEMIC MASTER PLAN 2024-2025
## SECTION : H.S.
## SUBJECT ENGLISH

| Aims | Activities | Time | Support | Finance Support |
|---|---|---|---|---|
| 1.To make the students read and speak English by giving appropriate opportunities | • To communicate in English language during the class hours<br>• Small conversational activities (Group/Pair works)<br>• Small talks by students promoting(Self introduction . My family, Favourite things, Favourite movies, best friends etc.) speaking skills<br>• Newspaper reading<br>• Conducting assembly in English<br>• Group recital | Daily<br><br>Weekly<br><br><br>Weekly<br>Twice<br><br>Daily<br>Two to three days a week<br>Monthly | English Teacher<br><br>English Teacher<br><br>English & Class teacher | SSA<br><br><br>School fund |
| 2.To enhance vocabulary | • Conducting vocabulary games in the class<br>• Creating dictionary<br>• Introducing new words in class<br>• Highlighting new words on the board<br>• Vocabulary worksheets | Daily | English teacher | SSA |
| 3.To recognize and recollect correct spelling | • Spell check<br>• Conducting Quiz<br>• Doing worksheets cross words<br>• Word searches<br>• Conducting spelling games (word building spelling Bingo) | weekly | English teacher | |
| 4. To improve writing and creating writing skills | • Cursive writing (for weak students)<br>• Journal writing (Make students write their daily experiences, thoughts, feelings etc..)<br>• Motivate students to write stories<br>• Conducting hand writing test<br>• Writing book review<br>• Write about favourite movie characters | Weekly<br><br>Weekly<br><br><br>Monthly<br>Monthly<br>Quarterly<br>Quarterly | English Teacher | SSA<br><br><br>SSA |

| Aims | Activities | Time | Support | Finance Support |
|---|---|---|---|---|
| | • Play audio books and make students summarise or discuss contend.<br>• Listen and draw pictures based on it | Monthly<br><br>Monthly | English Teacher | SSA |

To faster a love for learning English, we can make the English class lively and interesting for students by making them do the following activities

- Video based activities

  ( TED talks, playing movie clips related to syllabus)

- Role plays, debates, interviews
- Creating colouring charts, posters, notice
- Encouraging students to listen English music playing it in class during class time – make them perform it individually or group during special days and in the lunch break

| മേഖല: അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷാ ക്ലാസ്സ് തലം | | | | | |
|---|---|---|---|---|---|
| **No:** | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യങ്ങൾ |
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതുവാനും വായിക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN Slow learness കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നല്കാവുന്ന ഭാഷപോഷിണി പ്രവർത്തനങ്ങൾ. CWSN Slow learness കുട്ടികളുടെ കഴിവിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ രണ്ടാം വാരം | 8, 9, 10 | ഹിന്ദി അധ്യാപകർ | |
| 3. | ഓരോ ക്ലാസ്സിലും ഹിന്ദി വായിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവ പഠിപ്പിക്കുക. CWSN Slow learness കുട്ടികൾക്കായി പസിലുകൾ ആകർഷകമായ പോസ്റ്റർ അവതരണം | പ്രതിദിനം | 8, 9, 10 | | |
| 4. | ഹിന്ദിയിലുള്ള ഡയറി കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |

| | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യ ങ്ങൾ |
|---|---|---|---|---|---|
| 5. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണ വുമായി ബന്ധപ്പെട്ട് | 9, 10 | ഹിന്ദി അധ്യാപകർ | |
| 6. | കുട്ടികളെകൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 7. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക | പ്രതിദിനം | 9,8 | ഹിന്ദി അധ്യാപകർ | |
| 8. | ഹിന്ദി സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 9,8 | ഹിന്ദി അധ്യാപകർ | |
| 9. | ഹിന്ദി ഡോക്യുമെൻററി, ഹിന്ദി വാർത്ത, സിനിമ കാണാനുള്ള അവസരം | 6 മാസം | 8, 9 | ഹിന്ദി അധ്യാപകർ | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് A1 ഉപയോഗിച്ച് ഭാഷയെ ഉൾകൊള്ളാനും അത് പഠിക്കാനുമുള്ള അവസരം | 6 മാസം | 8, 9 | ഹിന്ദി അധ്യാപകർ | |

# ഉപമേഖല ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ | 1.ശാസ്ത്രമൂലയിൽ ഉണ്ടയിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | 1 മാസം | ക്ലാസ്സ് ടീച്ചർ | |
| | 2. തയ്യാറാക്കിയ ലിസ്റ്റിനെ തരം തിരിച്ച് പ്രിൻറ് ചെയ്യൽ | 10 ദിവസം | SRG സയൻസ് ടീച്ചർ | ഡി.ടി.പി 20/- രൂപ |
| | 3. സാമഗ്രികൾ വാങ്ങൽ | 1 മാസം | ക്ലാസ്സ് ടീച്ചർ | 3000 രൂപ |
| | 4. പി.ടി.എ. യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം | 1 മാസം | PTA എച്ച് എം അധ്യാപകർ | |
| | 5. പരീക്ഷണ സാമഗ്രികളുടെ നിർമ്മാണം ശില്പ ശാലയുടെ ഭാഗമായി രക്ഷകർത്താക്കൾ/എസ് എസ് ജി/ അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | 1 മാസം | PTA എച്ച് എം അധ്യാപകർ | സ്പോൺസർ ഷിപ്പ് 3000/- രൂപ |
| | 6. ശാസ്ത്രമൂലക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം. അലൂമിനിയം ഫേബ്രിക്കേഷൻ ഉപയോഗിച്ച് അലമാര | 1 മാസം | PTA എച്ച് എം | |
| | 7.സ്കൂൾ ലാബ് സജ്ജ്മാക്കാൻ ക്ലാസ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ, ക്ലാസ്സിൽ ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ | 1മാസം | SRG സയൻസ് അധ്യാപകർ | 2000/- രൂപ PTA |
| | 8. പരീക്ഷണ ശില്പശാല | 1മാസം | SRG എച്ച് എം | 7500/- |
| | 9. ശസ്ത്രസാഹിത്യ പുസ്തകങ്ങൾ, ക്ലാസ്സ് നിലവാരത്തിലുള്ളത് വാങ്ങൽ, രക്ഷിതാക്കളെ വായിപ്പിക്കൽ | 2മാസം | ക്ലാസ്സ് ടീച്ചർ PTA എച്ച് എം | 3000/- |

## ഉപമേഖല – സാമൂഹ്യശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കണം | Pre test<br>2. സാമൂഹ്യ ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ | 1മാസം | SSഅധ്യാപകർ<br>SRG<br>PTA | PTA |
| | 3. ചിത്രങ്ങൾ, വീഡിയോക്ലിപ്പിംഗുകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ | 1മാസം | | |
| | 4. സ്കിറ്റുകൾ, ഗാനങ്ങൾ എന്നിവയിലൂടെ നേടിയ അറിവുകളുടെ അവതരണം | 2 മാസം | SSഅധ്യാപകർ | |
| 2.പാഠപുസ്തകങ്ങൾ വായിച്ച് ഉത്തരം കണ്ടെത്താൻ പ്രപ്തരാക്കുന്നു | 1. പാഠഭാഗങ്ങൾ ഗ്രൂപ്പ് തലത്തിലും വ്യക്തിഗതമായും വായിച്ച് ആശയ സ്വാംശീകരണം | ഹ്രസ്വകാലം | SSഅധ്യാപകർ | |

| | | | | |
|---|---|---|---|---|
| | 2. പാഠഭാഗങ്ങൾ ഡിജിറ്റലൈസേഷൻ നടത്തി അവതരിപ്പിക്കൽ | 6 മാസം | SITC | PTA |
| | 3. ദിനാചരണങ്ങൾ ആചരിക്കൽ–റിപ്പോർട്ട് തയ്യാറാക്കൽ | 1 വർഷം | എസ് എസ് അധ്യാപകർ | |
| | 4.ദൃശ്യാവിഷ്കാരം, നാടകം, സ്കിറ്റ് | 1 മാസം | എച്ച് എം<br>SS അധ്യാപകർ<br>PTA<br>DIET | |
| | 5.സ്കൂൾ ലൈബ്രറി യിൽ സോഷ്യൽ സയൻസുമായി ബന്ധപ്പെട്ടപുസ്തകങ്ങൾ ലഭ്യമാക്കൽ | ദീർഘകാലം | എച്ച് എം<br>SS അധ്യാപകർ<br>SRG | 3000/–<br>പഞ്ചായത്ത് |
| | 6. സെമിനാറുകൾ ഡിബേറ്റുകൾ സംഘടിപ്പിക്കൽ | 1 മാസം | എസ് എസ് അധ്യാപകർ | |
| | 7. പുതിയ സാധ്യതകളുടെ നിർമ്മാണത്തിന് കുട്ടികളെ സജ്ജമാക്കൽ | 1 മാസം | SITC | |
| | 8.സാമൂഹ്യ ശാസ്ത്രലാബ് | ദീർഘകാലം | SITC<br>എസ് എസ് അധ്യാപകർ | 3000<br>PTA |
| | 9.ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കൽ | 6 മാസം | SITC | |

# അക്കാദമിക മാസ്റ്റർ പ്ലാൻ : ഗണിതം

ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനും ഗണിത ചിന്തകൾ വളർത്തി എടുക്കുന്നതിനും, അടിസ്ഥാന ശേഷി നേടിയെടുക്കുന്നതിനും, സ്കൂൾ കഴിഞ്ഞാൽ ഉള്ള ഗണിത സന്ദർഭങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി നാല് പ്രോജക്റ്റുകൾ നിർദേശിച്ചിരിക്കുന്നു. ജൂൺ മാസത്തിലെ ആദ്യ ആഴ്ച തന്നെ മുൻ കൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണയത്തിലൂടെ താഴെ പറയുന്ന ഗ്രൂപ്പുകളായി തരം തിരിക്കുന്നു

ഗ്രൂപ്പ് 1 : ഗണിതത്തിൽ അടിസ്ഥാന ക്രിയാ ശേഷി നേടിയിട്ടില്ലാത്തവർ

ഗ്രൂപ്പ് 2 : അടിസ്ഥാന ശേഷി നേടിയിട്ടും ഗണിതാശയം ഉപയോഗിച്ച് പ്രശ്ന നിർദ്ധാരണം ചെയ്യുന്നതിൽ പ്രവീണ്യം ഇല്ലാത്തവർ

ഗ്രൂപ്പ് 3 : ഗണിതാശയ ധാരണയുള്ളവർ, ഗണിതത്തിൽ മികച്ച നിലവാരം ഉള്ളവർ.

| Sl. No. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് | പ്രവർത്തനം നടപ്പാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1 | ഗണിത ക്ലിനിക്ക് | ഗണിതത്തിൽ അടിസ്ഥാന ശേഷി കൈവരിക്കൽ | ഗ്രൂപ്പ് 1 കുട്ടികൾക്കായി അടിസ്ഥാന ക്രിയകളിൽ പ്രാവിണ്യ മുണ്ടാക്കുന്നു. നാട്ടിലെ ഗണിത വിദ്യാർഥികൾ, പിരിഞ്ഞ അധ്യാപകർ ഇവരെ ഉൾപ്പെടുത്തി ഗണിതബോധനം | | ജൂൺ – ആഗസ്റ്റ് | ഗണിത ശാസ്ത്ര കൗൺസിൽ |
| 2 | ഗണിത ലാബ് | ഗണിതാശയം ഉറപ്പിക്കൽ | ഗണിത രൂപങ്ങളുടെ നിർമാണ മത്സരം, സ്കൂൾ കൊമ്പൗണ്ടിലെ വിവിധ സ്ഥലങ്ങളെ അളന്നു തിട്ടപ്പെടുത്തൽ 8,9 ക്ലാസ്സുകളിലെ ഗ്രൂപ്പ് 2 കുട്ടികളിൽ ഗണിത ക്വിസ്സ്, ഗണിത സെമിനാർ എന്നീ പ്രവർത്തനങ്ങളിലൂടെ ആശയം ഉറപ്പിക്കൽ | | ആഗസ്റ്റ് – ജനുവരി | ഗണിത ശാസ്ത്ര ക്ലബ്ബ് |
| | ഗണിത വൈഖരി | ഗണിത ചിന്ത വളർത്തിയെടുക്കുന്നതിനും അത് ആഴത്തിൽ മനസ്സിലാക്കുന്നതിനും | ഗ്രൂപ്പ് 3 ലുള്ള കുട്ടികൾക്കായി ബന്ധപ്പെട്ട ഉയർന്ന നിലവാര ചോദ്യങ്ങൾ പരിചയപ്പെടുത്തൽ, ഗണിത പ്രോജക്ട് തയ്യറാക്കൽ ഗണിത ശാസ്ത്രമേളക്കുള്ള തയ്യറെടുപ്പുകൾ വിദഗ്ദ ക്ലാസ്സുകൾ | | ആഗസ്റ്റ് – നവംബർ | ഗണിത ശാസ്ത്ര ക്ലബ്ബ് |

# സമഗ്രഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയിൽ പരിഗണിക്കാവുന്ന പ്രവർത്തനങ്ങൾ

- അക്കാദമികം
- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനപരിപോഷണം
- ശാസ്ത്ര പോഷണപരിപാടി
- വായനാപരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലാബ് ആധുനികവത്കരിക്കൽ
- പ്രതിഭാ പോഷണപരിപാടി
- നാടകകളരി
- ജൈവവൈവിധ്യപാർക്ക്
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക മേള
- ഐ ടി പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ് പി ടി എ സജീവമാക്കൽ
- പ്രവൃത്തിപരിചയ പഠനം
- പച്ചക്കറി തോട്ടം
- ഗണിത ലാബ്
- ഭാഷാലാബ്
- ടേം മൂല്യനിർണ്ണയം
- ദിനാചരണം
- കായികപഠനം

## അദ്ധ്യായം 6

## പദ്ധതി രൂപികരണ പ്രക്രിയ

## പദ്ധതി രൂപികരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ വികസനകാഴ്ച്പ്പാട് അവതരിപ്പിക്കലും ചർച്ചയും
2. വികസനാവശ്യങ്ങൾ ക്ലാസ്സ്, വിഷയം അടിസ്ഥാനത്തിൽ ഭൗതീകം–അക്കാദമികം–സമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങിയ ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിചേർക്കൽ
5. പി.ടി.എ.യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## അക്കാദമികം

1. അക്കാദമികശോഭയുള്ള വിദ്യാലയത്തെ സൃഷ്ടിക്കൽ, ഇംഗ്ലീഷ്, ഗണിത പഠനപരിപോഷണം എന്നിവയിലെ മികവ് ഉറപ്പ് വരുത്തുന്നു.
2. പ്രതിഭാ പോഷണപരിപാടിയും
3. നാടകകളരിയും സംഘടിപ്പിക്കൽ
4. സ്കൂൾ പത്രം/മാസിക എന്നിവയുടെ രചനയും പ്രകാശനവും
5. സ്കൂളിലെ മുഴുവൻ കുട്ടികളും എഴുതാനും വായിക്കാനും കഴിയുന്ന തലത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടി മലയാളത്തിളക്കം ശ്രദ്ധ, നവപ്രഭ – തുടങ്ങിയ പരിഹാര ബോധന പ്രക്രിയകകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.
6. ഐ.ടി. അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനായി അധ്യാപകർക്ക് ഐ സി ടി പരിശീലനക്ലാസ്സുകൾ സംഘടിപ്പിച്ചു.
7. മാസവും അഭിപ്രായരൂപികരണത്തിനായി പി.ടി.എ മീറ്റിംഗുകൾ നടത്തുന്നു.
8. ഓരോ ദിനചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ നടത്തുകയും അവയുടെ പ്രാധാന്യം മനസിലാക്കുകയും ചെയ്തു വരുന്നു.
9. മെട്രിക് മേളകൾ നടത്തുന്നു

## അദ്ധ്യായം 7

## വിഷയ മേഖല - പ്രവർത്തനങ്ങൾ

സ്കൂൾ ഭൗതീക സഹചര്യങ്ങളുടെ കുറവുകളായ ഇടഭിത്തിയോട് കൂടിയ ക്ലാസ്സ് മുറികൾ, ആഡിറ്റോറിയം, ഡൈനിംഗ് ഹാൾ, കുട്ടികളുടെ പാർക്കിലേക്കുള്ള കളിയുപകരണങ്ങൾ എന്നിവ നടപ്പിലാക്കാൻ സമഗ്ര വിദ്യാലയ ഗുണമേന്മ വികസന പദ്ധതിക്കായി പഞ്ചായത്ത് മണ്ഡലം സമഗ്ര ഗുണമേന്മ വിദ്യാലയ വികസന സമിതി , പി.ടി.എ, പൂർവ വിദ്യാർത്ഥി സംഗമം എന്നീ ഏജൻസികളെ ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇത് നടപ്പിലാക്കാൻ ഏകദേശം 2 വർഷകാലയള വാണ് തീരുമാനിച്ചിരിക്കുന്നത്. സ്കൂൾതല മികവുകൾ യഥാസമയം സമൂഹവുമായി പങ്കുവയ്ക്കാനും ബോധ്യപ്പെടുത്താനും കഴിയാതെ വന്ന കുറവുകൾ പരിഹരിക്കുന്ന തിനായി കോർണർ പി.ടി.എ, ആധുനിക സാമൂഹിക മാധ്യമങ്ങളായ വാട്സാപ്പ്, ഫേസ്ബുക്ക് എന്നിവയിലൂടേയും പ്രയോജനപ്പെടുത്താം. സമൂഹത്തിന് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള ആഭിമുഖ്യം ഉള്ളതിനാൽ അതിനായി ഹലോ ഇംഗ്ലീഷ് പോലുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിനായി എച്ച്.എം, ടീച്ചേഴ്സ്, ഇംഗ്ലീഷ് സ്പെഷ്യലൈസ് ചെയ്ത ടീച്ചർ എന്നിവരെ ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ഒരു വർഷ കാലയളവാണ് ഈ പദ്ധതിക്കായി ഉദ്ദേശിച്ചിരിക്കുന്നത്.

## അക്കാദമികം

പാഠ്യ പദ്ധതിക്കനുസരിച്ചുള്ള ഐ.സി.ടി.പഠന സാധ്യത എല്ലാ ക്ലാസ്സുകളിലും നടത്തി വരുന്നു. പ്രത്യേകം കമ്പ്യൂട്ടർ പഠന കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ കുട്ടികളും എഴുത്ത്, വായന എന്നിവയിൽ ഉള്ള ശേഷി ആർജ്ജി ച്ചെടുക്കുന്നതിന് ശ്രദ്ധ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, നവപ്രഭ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടറുകളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതായി ട്ടുണ്ട്. ഇതിനായി എം.എൽ. എ, എം.പി, എസ്.എസ്. എ, എൽ.എസ്.ജി. എന്നിവരുടെ സഹായം തേടേണ്ടതുണ്ട്. ക്ലാസ്സ് ലൈബ്രറിയിലേക്ക് ഇനിയും പുസ് തകങ്ങൾ ആവശ്യമുണ്ട്. ഇതിനായി പി.ടി.എ. വഴിയും പൂർവ്വ വിദ്യാർത്ഥികൾ വഴിയും സഹായം സ്വീകരിക്കേണ്ടതുണ്ട്.

## ഭൗതികം.

സുരക്ഷിതവും, ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അപര്യാപ്തമാണ്. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി വൃത്തിയോടുകൂടിയ വിശാലമായ അടുക്കള ഇല്ല. ഹൈടെക് പ്ലേഗ്രൗണ്ട് ആധുനിക രീതിയിലുള്ള മെസ്ഹാൾ, ലൈബ്രറി, ലബോറട്ടറി, മൾട്ടി മീഡിയ ക്ലാസ്സ് റൂം ആധുനീകരീതിയിലുള്ള ഈ ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ സ്കൂളിൽ നടപ്പാക്കി ഇൻറർ നാഷണൽ നിലവാരമുള്ള സ്കൂൾ ആയി ഉയർത്താൻ വിദ്യാലയ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി എം.പി, എം.എൽ.എ, പൂർവ്വ വിദ്യാർത്ഥികൾ, പഞ്ചായത്ത്, ബ്ലോക്ക് തുടങ്ങിയവരിൽ നിന്ന് ഫണ്ട് കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ട്.

## സാമൂഹികം

കുട്ടികളുടെ മികവുകൾ പൊതുസമൂഹത്തിനെ ബോധ്യപ്പെടുത്തുന്നതിനായി കോർണർ പി.ടി.എ, റോഡ് ഷോ, റിയാലിറ്റി ഷോ, സ്കിറ്റ് തുടങ്ങിയവ സംഘടിപ്പിക്കേണ്ടതുണ്ട്. മികച്ച പഠനനിലവാരമുള്ള കുട്ടികളുടെ ശേഷികൾ എം.പി.ടി.എ. ഉൾപ്പെടുത്തി മൗത്ത് പബ്ലിസിറ്റി നടത്താം അക്കാദമികതലത്തിലെ പ്രവർത്തനങ്ങളായ പ്രീ ടെസ്റ്റ്, എസ് ആർ ജി, സി.പി.ടി.എ എന്നിവയുടെ മോണിറ്ററിങ്ങ് ചുമതലയ്ക്കായി പ്രഥമ അദ്ധ്യാപകൻ എസ്.ആർ.ജി കൺ വീനർ, ബി.ആർ.സി. എന്നിവരെ നിശ്ചയിച്ചിട്ടുണ്ട്. ഗൃഹസന്ദർശനം, കോർണർ പി.ടി.എ, എം.പി.ടി.എ ശാക്തീകരണം എന്നിവ മോണിറ്ററിങ്ങ് ചെയ്യുന്നതിനായി എച്ച്.എം, അദ്ധ്യാപകർ എന്നിവരെ ചുമതലപ്പെടുത്തി ക്യാമ്പുകൾ, സ്കൂൾ വാർഷികം എന്നിവ മോണിറ്ററിങ്ങ് ചെയ്യുന്നതിനായി അദ്ധ്യാപകർ, എസ്.ആർ.ജി, ബി.ആർ.സി എന്നിവരെ ചുമതലപ്പെടുത്തുന്നു.

## അദ്ധ്യായം 8

## ഉപസംഹാരം-അവലോകനം

ആലപ്പുഴ ജില്ലയിൽ തുറവൂർ സബ് ജില്ലയിലെ അരൂർ പഞ്ചായത്തിൽപ്പെട്ട സെൻറ് അഗസ്റ്റിൻസ് എച്ച് എച്ച് എസ് സ്കൂളിൽ പ്രഗല്ഭരായ അദ്ധ്യാപകരുടെ സേവനം ഈ സ്കൂളിനെ മികവിൻെറ പാതയിലൂടെ നയിച്ചു വരുന്നു. പ്രശസ്തരായ വ്യക്തികൾ ആദ്യാക്ഷരം കുറിച്ച ഈ സ്കൂൾ നൂറിൻെറ നിറവ് കഴിഞ്ഞിട്ടും ഇന്നും തുറവൂർ സബ് ജില്ലയിൽ അഭിമാനമായി നിലകൊള്ളുന്നു. മുഴുവൻ കുട്ടികളും അറിവിൻെറ ഉയർന്നതലങ്ങളിലേയ്ക്കെത്താൻ സഹായകമായ പഠനാവസരം ഇവിടെ ലഭിക്കുന്നു. ആധൂനിക സങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഐ.സി.ടി. സാധ്യത നടപ്പിലാക്കി വരുന്നതുകൊണ്ട് പഠനം രസകരമായി മുന്നോട്ടുപോകുന്നു. ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ ഈ സ്കൂളിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട് കൊണ്ടിരിക്കുന്നു. കുട്ടിയുടെ മികവിൻെറ സമസ്തമേഖലയുടേയും വികസനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എന്നിരുന്നാലും അക്കാദമികമായും ഭൗതീകമായും വെല്ലുവിളികൾ ഇന്നും നിലനില്ക്കുന്നു വിവിധ വിഷയമേഖലകളിലെ പദ്ധതി രൂപികരണത്തിലൂടെ ഇവയെ മറികടക്കാൻ സാധിക്കുമെന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ ഇവിടെ ഉപസംഹരിക്കുന്നു.

നവകേരള മിഷൻെറ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്താൻ സമഗ്രഗുണമേന്മ വിദ്യാലയവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു വേണ്ടി ഭൗതീകവും അക്കദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിനു വേണ്ടി കർമ്മപദ്ധതികൾ രൂപം കൊടുത്തു നടപ്പിലാക്കി വരുന്നു. ഇതിനായി അധ്യാപകർ, രക്ഷിതാക്കൾ, പൂർവ വിദ്യാർത്ഥികൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനത്തിന് രൂപം നല്കി നടപ്പിലാക്കി വരുന്നു. പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠന നിലവാരം നിഷ്കർഷിച്ച് അതിൽ നിന്നും കുറവ് വിലയിരുത്തി അത് പരിഹരിക്കാനുള്ള പഠന പ്രക്രിയ നടത്തി ആശയ ദൃഢത ഉണ്ടാകുന്നതിനും ഭാഷാശേഷി കൈവരിക്കുന്നതിനും പാഠ്യേതര വിഷയങ്ങളിലുള്ള കഴിവ് തെളിയിക്കുന്നതിനും വേണ്ട പ്രവത്തനങ്ങൾ നടത്തിവരുന്നു.

പൊതുവിദ്യാലയങ്ങൾ മികവിൻെറ കേന്ദങ്ങളാക്കി മാറ്റുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായിക്കുന്നു. മൽസ്യമേഖലയിൽ ജോലി ചെയ്യുന്ന ആളുകൾ തിങ്ങിപാർക്കുന്ന ആലപ്പുഴ ജില്ലയുടെ വടക്കെ അറ്റത്ത് സ്ഥിതിചെയ്യുന്ന അരൂർ ഗ്രാമത്തിൻെറ സാമൂഹിക സമ്പത്തീക സംസ്കാരിക പുരോഗതിയിൽ ഒരു നാഴിക കല്ലാണ് ഈ വിദ്യാലയം. എല്ലാ കുട്ടികളും ത്രിഭാക്ഷ ജ്ഞാനികളായി മാറണം എന്നും അന്താരാഷ്ട്ര നിലാവാരത്തിലുള്ള ഭൗതീക സാഹചര്യങ്ങൾ ഉള്ള ഒരു വിദ്യാലയമാക്കി ഞങ്ങളുടെ വിദ്യാലയത്തെ മാറ്റിയെടുക്കണം എന്നും ആണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. പിന്നോക്കവിഭാഗകാർക്ക് പ്രത്യേക ശ്രദ്ധനല്കുവാനും പാഠ്യേതര വിഷയങ്ങളിൽ മുന്നിലെത്തുന്ന കുട്ടികളെ ഉയർന്ന തലത്തിലെ ത്തിക്കാനും വേണ്ട സഹായം ചെയ്യാൻ ഈ വിദ്യാലയം ലക്ഷ്യം വയ്ക്കുന്നു. ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും അക്കാദമിക ഭൗതീക വളർച്ചക്കുവേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സമർപ്പിച്ച് കൊള്ളുന്നു.

********************